## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1112 10/08/2017-ൽ മറുപടിയ്ക്ക്

### പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ. പി** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | 2016-17, 2017-18 ബഡ്ജറ്റുകളിൽ പട്ടാമ്പി മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖലയിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഈ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; | (എ) | സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള 'പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞ'ത്തിന്റെ രണ്ടാമത്തെ സ്കീമിൽ ജി.എച്ച്.എസ്.എസ് പട്ടാമ്പി. ജി.വി.എച്ച്.എസ്.എസ് കൊപ്പം എന്നീ സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ നടന്നു വരുന്നു. അതോടൊപ്പം "ജൈവവൈവിധ്യ ഉദ്യാനം സ്കൂളുകളിൽ" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടാമ്പി മണ്ഡലത്തിലെ 7 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 2016-17 സാമ്പത്തിക വർഷത്തിൽ 4 ഹയർ സെക്കന്ററി സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 1 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൈവ വൈവിധ്യ പാർക്കിന്റെ നിർമ്മാണത്തിന് ആദ്യഘട്ടമായി പതിനായിരം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ